## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1484** **07-06-2018 ൽ മറുപടിക്ക്**

### പട്ടയവിതരണത്തിലെ പുരോഗതി

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.ജെ.ജോസഫ്
മോൻസ് ജോസഫ്
ഡോ.എൻ.ജയരാജ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടയവിതരണത്തിലെ പുരോഗതി വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വിവിധ ഇനങ്ങളിലായി 82495 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. പട്ടയവിതരണം ഊർജിതപ്പെടുത്തുന്നതിന് പട്ടയമേളകൾ സംഘടിപ്പിച്ചിട്ടുള്ളതുമാകുന്നു.

| ക്രമ നം | ജില്ല | വിതരണംചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 635 |
| 2 | കൊല്ലം | 136 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 316 |
| 5 | കോട്ടയം | 318 |
| 6 | ഇടുക്കി | 14310 |
| 7 | എറണാകുളം | 1984 |
| 8 | പാലക്കാട് | 5668 |
| 9 | തൃശ്ശൂർ | 17741 |
| 10 | മലപ്പുറം | 10169 |
| 11 | കോഴിക്കോട് | 5484 |
| 12 | വയനാട് | 695 |
| 13 | കണ്ണൂർ | 1559 |
| 14 | കാസറഗോഡ് | 3352 |
| | **ആകെ** | **62495** |

(ബി) ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ പട്ടയവിതരണത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ പട്ടയവിതരണത്തിന് കാലതാമസം നേരിട്ടിട്ടില്ല. വയനാട് ജില്ലയിൽ ഭൂപതിവ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കാലതാമസം നിമിത്തവും മറ്റു ചില നിയമ പ്രശ്നങ്ങൾ മൂലവും പട്ടയവിതരണത്തിനുണ്ടായ കാലതാമസം നീക്കി പട്ടയ വിതരണ നടപടികൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ മറവിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടിയേറ്റ കർഷകരെ കുടിയിറക്കുവാൻ റവന്യൂ അധികൃതർ ശ്രമിക്കുന്നതായുള്ള പരാതിക്ക് പരിഹാരം കാണുവാൻ ശ്രമം നടത്തുമോ; വ്യക്തമാക്കാമോ? | (സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ മറവിൽ വർഷങ്ങളായി താമസിച്ചു വരുന്ന കുടിയേറ്റ കർഷകരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി റവന്യൂ അധികൃതർ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**